**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1137** 06.02.2020-ൽ **മറുപടിയ്ക്ക്**

# ജനകീയ പങ്കാളിത്തത്തോടെയുള്ള റോഡ് നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | കാൽനടയാത്രക്കാർക്ക് സുരക്ഷിതപാത ഒരുക്കാതെ നിരവധി റോഡ് നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ കാൽനട യാത്രക്കാർക്കായി ഫണ്ട് ലഭ്യത, സ്ഥലലഭ്യത എന്നിവയനുസരിച്ച് കാൽനട യാത്രക്കാർ കൂടുതലുള്ള ഭാഗങ്ങളിൽ നടപ്പാതകൾ നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കാൽനട യാത്രക്കാർ കൂടുതൽ ഇല്ലാത്ത ഭാഗങ്ങളിൽ നടക്കുവാൻ റോഡിന്റെ ഇരുവശങ്ങളിലും ഷോൾഡറുകൾ ഉണ്ട്. റോഡുകളുടെ നവീകരണത്തോടൊപ്പം സ്ഥലലഭ്യതയുടെ അടിസ്ഥാനത്തിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ നടപ്പാതകൾ കൂടി ഉൾപ്പെടുത്തിയുള്ള വികസന പ്രവർത്തനങ്ങൾക്കാണ് രൂപം നൽകി വരുന്നത്. കെ.എസ്.ടി.പി, കെ.ആർ.എഫ്.ബി, റിക്ക് എന്നിവയുടെ നേതൃത്വത്തിൽ ഏറ്റെടുത്തു നടത്തുന്ന വൻകിട വികസന പ്രവർത്തനങ്ങളിലും ആവശ്യമുള്ള ഭാഗങ്ങളിൽ ഇത്തരം നടപ്പാതകളുടെ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കിഫ്ബി ധനസഹായത്തോടെ ഏറ്റെടുക്കുന്ന പ്രവർത്തികളിലും നടപ്പാതകൾ നിർമ്മിക്കുന്നുണ്ട്.<br><br>ദേശീയപാതകൾ നാലു വരിയായി വികസിപ്പിക്കുമ്പോൾ ഫുട്പാത്ത് നിർമ്മാണവും കാൽനട യാത്രക്കാരുടെ സുരക്ഷയും ഉറപ്പ് വരുത്തിയാണ് റോഡുകൾ നിർമ്മിക്കുന്നത്. |
| (ബി) | ഇത്തരത്തിലുള്ള റോഡ് നിർമ്മാണം റോഡപകടങ്ങൾ വ്യാപകമാകുന്നതിന് കാരണമാകുമെന്നതിനാൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വ്യക്തമായ മാർഗനിർദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| **(സി)** | സംസ്ഥാനത്തെ റോഡുകളുടെ സംരക്ഷണത്തിനും സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനും പൊതുജനങ്ങളുടെ പങ്കാളിത്തവും സഹകരണവും ലഭ്യമാക്കുവാൻ കഴിയുന്ന ജനകീയ സമിതികളുടെ സാധ്യത സംബന്ധിച്ച് വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | **(സി)** | പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ